ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ബഹുവിധ സാധന പരിവഹണ ആക്റ്റ്, 1993

## (1993-ലെ 28-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE MULTI MODAL TRANSPORTATION OF GOODS ACT, 1993

## (ACT No. 28 OF 1993)

(As on 26th September, 2002)

വില : രൂപ 28.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ:സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ബഹുവിധ സാധന പരിവഹണ ആക്റ്റ്, 1993 (1993-ലെ 28-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 17 മുതൽ 34 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിതീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Multimodal Transportation of Goods Act, 1993 (Act 28 of 1993) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 2, No.1 dated 7th July, 2003 on pages 17 to 34.

This authorised translation was published under the authority of the President, under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/2380/2006.

# ബഹുവിധ സാധന പരിവഹണ ആക്റ്റ്, 1993
(1993-ലെ 28-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവചനങ്ങൾ | 1-2 |


### അദ്ധ്യായം II

### ബഹുവിധ പരിവഹണ ക്രമീകരണം


| | | |
|---|---|---|
| 3. | രജിസ്ട്രേഷൻ കൂടാതെ യാതൊരാളും ബിസിനസ്സ് നടത്തുവാൻ പാടില്ലെന്ന് | 3 |
| 4. | ബഹുവിധ പരിവഹണ രജിസ്ട്രേഷൻ | 3 |
| 5. | രജിസ്ട്രേഷൻ റദ്ദാക്കൽ | 3 |
| 6 | അപ്പീൽ | 4 |


### അദ്ധ്യായം III

### ബഹുവിധ പരിവഹണ രേഖ


| | | |
|---|---|---|
| 7. | ബഹുവിധ പരിവഹണ രേഖ നൽകൽ | 4 |
| 8. | ബഹുവിധ പരിവഹണ രേഖ ഉടമാവകാശരേഖയായി കണക്കാക്കപ്പെടണമെന്ന് | 4 |
| 9. | ബഹുവിധ പരിവഹണ രേഖയുടെ ഉള്ളടക്കം | 5 |
| 10. | ബഹുവിധ പരിവഹണ രേഖയിലെ കരുതിവയ്ക്കൽ | 5 |
| 11. | ബഹുവിധ പരിവഹണ രേഖയുടെ തെളിവ് സംബന്ധമായ പ്രഭാവം | 5 |
| 12. | കൺസൈനറുടെ ഉത്തരവാദിത്വം | 6 |


### അദ്ധ്യായം IV

### ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ഉത്തരവാദിത്വങ്ങളും ബാദ്ധ്യതകളും


| | | |
|---|---|---|
| 13. | ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യതയുടെ അടിസ്ഥാനം | 6 |
| 14. | കൺസൈൻമെന്റിന്റെ സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്തപ്പോഴും നഷ്ടമോ നാശനഷ്ടമോ സംഭവിച്ചത് പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് അറിവില്ലാത്തപ്പോഴും ബാദ്ധ്യതയുടെ പരിധി | 6 |
| 15. | കൺസൈൻമെന്റിന്റെ സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്തപ്പോഴും നഷ്ടമോ നാശനഷ്ടമോ സംഭവിച്ചത് പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് അറിവുള്ളപ്പോഴും ബാദ്ധ്യതയുടെ പരിധി | 7 |
| 16. | ചില സാഹചര്യങ്ങളിൽ സാധനങ്ങൾ ഡെലിവർ ചെയ്യുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത | 7 |
| 17. | നഷ്ടപരിഹാരം തിട്ടപ്പെടുത്തൽ | 7 |
| 18. | ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത പരിമിതപ്പെടുത്തുന്നതിനുള്ള അവകാശം നഷ്ടപ്പെടൽ | 7 |
| 19. | സാധനങ്ങൾ മൊത്തമായി നഷ്ടപ്പെടുന്നതിന് ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കുള്ള ബാദ്ധ്യതയുടെ പരിധി | 7 |
| 20. | സാധനങ്ങളുടെ നഷ്ടത്തെയോ നാശനഷ്ടത്തെയോ കുറിച്ചുള്ള നോട്ടീസ് | 8 |

## അദ്ധ്യായം V

### പലവക


| | | |
|---|---|---|
| 21. | അപായകരമായ സാധനങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥ | 8 |
| 22. | ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് സാധനങ്ങളിൻമേലും രേഖകളിൻമേലും ലീനിന് ഉള്ള അവകാശം | 8 |
| 23. | ജനറൽ ആവറേജ് | 8 |
| 24. | വ്യവഹാരത്തിനുള്ള കാലഹരണം | 8 |
| 25. | വ്യവഹാരം ബോധിപ്പിക്കുന്നതിനുള്ള അധികാരിത | 9 |
| 26. | ആർബിട്രേഷൻ | 9 |
| 27. | അധികാരം ഏൽപ്പിക്കൽ | 9 |
| 28. | ബഹുവിധ പരിവഹണ കരാർ ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കേണ്ടതാണെന്ന് | 9 |
| 29. | മറ്റ് നിയമങ്ങളേക്കാൾ ആക്റ്റിന് അധിക പ്രഭാവമുണ്ടായിരിക്കുമെന്ന് | 9 |
| 30. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | 9 |
| 31. | ചില നിയമങ്ങളുടെ ഭേദഗതി | 10 |
| 32. | റദ്ദാക്കലും ഒഴിവാക്കലും | 10 |


### പട്ടിക


ചില നിയമങ്ങളുടെ ഭേദഗതി 10

ഭാഗം I

കാരിയർ ആക്റ്റ്, 1865-ന്റെ ഭേദഗതികൾ 10

(1865-ലെ 3)

ഭാഗം II

കടൽ മാർഗ്ഗം സാധനങ്ങൾ കൊണ്ടുപോകൽ ആക്റ്റ്, 1925-ന്റെ ഭേദഗതി 10-11

(1925-ലെ 26)

ഭാഗം III

സാധന വില്പന ആക്റ്റ്, 1930-ന്റെ ഭേദഗതി 12

(1930-ലെ 3)

# ബഹുവിധ സാധന പരിവഹണ ആക്റ്റ്, 1993

**(1993-ലെ 28-ാം നമ്പർ ആക്റ്റ്)**

[1993 ഏപ്രിൽ, 2]

ബഹുവിധ പരിവഹണത്തിനുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിനകത്തുള്ള ഏതെങ്കിലും സ്ഥലത്തുനിന്നും ഭാരതത്തിനു പുറത്തുള്ള ഒരു സ്ഥലത്തേക്ക് സാധനങ്ങൾ ബഹുവിധത്തിൽ പരിവഹണം നടത്തുന്നത് ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിനാലാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*—(1) ഈ ആക്റ്റിന് ബഹുവിധ സാധന പരിവഹണ ആക്റ്റ്, 1993 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1992 ഒക്ടോബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കാരിയർ" എന്നാൽ റോഡുമാർഗ്ഗമോ റയിൽ മാർഗ്ഗമോ ഉൾപ്രദേശ ജലമാർഗ്ഗമോ കടൽ മാർഗ്ഗമോ വാടകയ്ക്ക് സാധനങ്ങൾ പരിവഹണം നടത്തുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ഖ) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ ഈ ആക്റ്റിൻകീഴിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, കേന്ദ്രസർക്കാർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നു ;

(ഗ) "കൺസൈനി" എന്നാൽ ബഹുവിധ പരിവഹണം നടത്തുന്നതിനുള്ള കരാറിൽ കൺസൈനി ആയി നാമകരണം ചെയ്തിട്ടുള്ളയാൾ എന്നർത്ഥമാകുന്നു;

(ഘ) "കൺസൈൻമെന്റ്" എന്നാൽ ബഹുവിധ പരിവഹണം നടത്തുന്നതിനുവേണ്ടി ബഹുവിധ പരിവഹണം നടത്തുന്ന ആളെ ഏൽപ്പിച്ചുകൊടുക്കുന്ന സാധനങ്ങൾ എന്നർത്ഥമാകുന്നു ;

(ങ) "കൺസൈനർ" എന്നാൽ ബഹുവിധ പരിവഹണ കരാറിൽ കൺസൈനർ ആയി നാമകരണം ചെയ്തിട്ടുള്ളതും, ആരാണോ അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ബഹുവിധ പരിവഹണം നടത്തുന്നതിനുവേണ്ടി അങ്ങനെയുള്ള കരാറിൽ ഉൾപ്പെട്ട സാധനങ്ങൾ ബഹുവിധ പരിവഹണം നടത്തുന്നയാൾക്ക് ഏൽപ്പിച്ചുകൊടുക്കുന്നത് ആ ആൾ എന്നർത്ഥമാകുന്നു ;

(ച) "ഡെലിവറി" എന്നാൽ,—

(i) കൈമാറ്റം ചെയ്യാവുന്ന ബഹുവിധ പരിവഹണ രേഖയുടെ സംഗതിയിൽ കൺസൈൻമെന്റ് കൈയൊഴിക്കലിനായി കൺസൈനിക്കോ അല്ലെങ്കിൽ അത് സ്വീകരിക്കാൻ അവകാശമുള്ള മറ്റേതെങ്കിലും ആൾക്കോ ഡെലിവർ ചെയ്യുന്നതും;

(ii) കൈമാറ്റം ചെയ്യാനാവാത്ത ബഹുവിധ പരിവഹണ രേഖയുടെ സംഗതിയിൽ കൺസൈൻമെന്റ് കൈയൊഴിക്കലിനായി കൺസൈനിക്കോ, അല്ലെങ്കിൽ കൺസൈനി തനിക്കുവേണ്ടി കൺസൈൻമെന്റ് സ്വീകരിക്കാൻ അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾക്കോ ഡെലിവർ ചെയ്യാവുന്നതും;

എന്നർത്ഥമാകുന്നു;

(ഛ) ''എൻഡോഴ്സി'' എന്നാൽ ആരുടെ പേരിലാണോ ഒരു എൻഡോഴ്സ്മെന്റ് നടത്തിയിട്ടുള്ളത് അയാൾ എന്നും തുടർച്ചയായുള്ള എൻഡോഴ്സ്മെന്റുകളുടെ സംഗതിയിൽ, ആരുടെ പേരിലാണോ അവസാനത്തെ എൻഡോഴ്സ്മെന്റ് നടത്തിയിട്ടുള്ളത് അയാൾ എന്നും അർത്ഥമാകുന്നു;

(ജ) ''എൻഡോഴ്സ്മെന്റ്'' എന്നാൽ കൈമാറ്റം ചെയ്യാവുന്ന ബഹുവിധ പരിവഹണ രേഖയിൽ പറഞ്ഞിട്ടുള്ള സാധനങ്ങളുടെ ഉടമസ്ഥത നിർദ്ദേശിക്കപ്പെട്ടയാളിന് കൈമാറ്റം ചെയ്യാനുള്ള ഒരു നിർദ്ദേശം ചേർത്തശേഷം അങ്ങനെയുള്ള രേഖയിൽ കൺസൈനിയോ എൻഡോഴ്സിയോ ഒപ്പുവയ്ക്കുന്നത് എന്നർത്ഥമാകുന്നു;

(ഝ) ''സാധനങ്ങൾ'' എന്നതിൽ,—

(i) സാധനങ്ങൾ സമാഹരിച്ച് പരിവഹണം നടത്തുന്നതിന് ഉപയോഗിക്കുന്ന കൺടെയിനറുകളും, പാലറ്റുകളും, സദൃശ വസ്തുക്കളും,

(ii) മൃഗങ്ങളും,

ഉൾപ്പെടുന്നതാകുന്നു;

(ഞ) ''പരിവഹണ രീതി'' എന്നാൽ റോഡുമാർഗ്ഗമോ, റയിൽമാർഗ്ഗമോ, ഉൾപ്രദേശ ജലമാർഗ്ഗമോ, കടൽമാർഗ്ഗമോ സാധനങ്ങൾ കൊണ്ടുപോകൽ എന്നർത്ഥമാകുന്നു;

(ട) ''ബഹുവിധ പരിവഹണം'' എന്നാൽ ഭാരതത്തിനകത്ത് സാധനങ്ങൾ സ്വീകരിക്കുന്ന സ്ഥലത്തുനിന്നും ഭാരതത്തിനു പുറത്തുള്ള ഒരു സ്ഥലത്തേക്ക് രണ്ടോ അതിലധികമോ പരിവഹണ രീതിയിൽ സാധനങ്ങൾ കൊണ്ടുപോയി ഡെലിവർ ചെയ്യൽ എന്നർത്ഥമാകുന്നു;

(ഠ) ''ബഹുവിധ പരിവഹണ കരാർ'' എന്നാൽ ബഹുവിധ പരിവഹണത്തിനുവേണ്ടി കൺസൈനറും ബഹുവിധ പരിവഹണം നടത്തുന്ന ആളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കരാർ എന്നർത്ഥമാകുന്നു;

(ഡ) ''ബഹുവിധ പരിവഹണ ഓപ്പറേറ്റർ'' എന്നാൽ,—

(i) സ്വയമോ അല്ലെങ്കിൽ തനിക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റൊരാൾ വഴിയോ ബഹുവിധ പരിവഹണ കരാർ പൂർത്തിയാക്കുന്ന ഏതെങ്കിലും ആളും;

(ii) ബഹുവിധ പരിവഹണത്തിൽ പങ്കെടുക്കുന്ന കൺസൈനറുടെയോ കാരിയറുടെയോ ഏജന്റായിട്ടില്ലാതെ, പ്രിൻസിപ്പലായി പ്രവർത്തിക്കുകയും പ്രസ്തുത കരാറിന്റെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളും;

(iii) 4-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും ആളും,

എന്നർത്ഥമാകുന്നു;

(ഢ) ''കൈമാറ്റം ചെയ്യാവുന്ന ബഹുവിധ പരിവഹണ രേഖ'' എന്നാൽ,—

(i) ആർഡർക്കോ ബെയറർക്കോ വേണ്ടി എഴുതി തയ്യാറാക്കിയതും; അല്ലെങ്കിൽ

(ii) ആർഡർക്കുവേണ്ടി എഴുതി തയ്യാറാക്കിയതും എൻഡോഴ്സ്മെന്റ് വഴി കൈമാറ്റം ചെയ്യാവുന്നതും;

(iii) ബെയറർക്കുവേണ്ടി എഴുതി തയ്യാറാക്കിയതും എൻഡോഴ്സ്മെന്റ് കൂടാതെ കൈമാറ്റം ചെയ്യാവുന്നതും, ആയ ബഹുവിധ പരിവഹണ രേഖ എന്നർത്ഥമാകുന്നു;

(ണ) ''കൈമാറ്റം ചെയ്യാനാവാത്ത ബഹുവിധ പരിവഹണ രേഖ'' എന്നാൽ ഒരു കൺസൈനിയെ മാത്രം പേരെടുത്തുകാണിക്കുന്ന ബഹുവിധ പരിവഹണ രേഖ എന്നർത്ഥമാകുന്നു;

(ത) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഥ) ''രജിസ്ട്രേഷൻ'' എന്നാൽ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ ബഹുവിധ പരിവഹണം നടത്തുന്ന ആളുടെ രജിസ്ട്രേഷൻ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ബഹുവിധ പരിവഹണ ക്രമീകരണം

3. *രജിസ്ട്രേഷൻ കൂടാതെ യാതൊരാളും ബിസിനസ്സ് നടത്തുവാൻ പാടില്ലെന്ന്.*—ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാതെ യാതൊരാളും ബഹുവിധ പരിവഹണ ബിസിനസ്സ് നടത്തുവാനോ ആരംഭിക്കുവാനോ പാടില്ലാത്തതാകുന്നു:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുമ്പ് ബഹുവിധ പരിവഹണ ബിസിനസ്സ് നടത്തിക്കൊണ്ടിരിക്കുന്ന ഒരാൾക്ക്, അങ്ങനെയുള്ള പ്രാരംഭം മുതൽ മൂന്നുമാസക്കാലത്തേക്ക് പ്രസ്തുത് കാലയളവിനുള്ളിൽ അയാൾ രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെയും, തുടർന്ന് അങ്ങനെ ചെയ്യാവുന്നതാണ്.

4. *ബഹുവിധ പരിവഹണ രജിസ്ട്രേഷൻ.*—(1) ബഹുവിധ പരിവഹണ ബിസിനസ്സ് നടത്തുകയോ ആരംഭിക്കുകയോ ചെയ്യുന്നതിന് ഏതൊരാൾക്കും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രജിസ്ട്രേഷനുള്ള അപേക്ഷ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും പതിനായിരം രൂപ ഫീസ് സഹിതവും നൽകേണ്ടതാണ്.

(3) അപേക്ഷ ലഭിക്കുന്നതിൻമേൽ താഴെപ്പറയുന്ന ഉപാധികൾ അപേക്ഷകൻ നിറവേറ്റിയിട്ടുണ്ടെന്ന് ക്ഷമതയുള്ള അധികാരസ്ഥാനം ബോദ്ധ്യം വരുത്തേണ്ടതാണ്, അതായത്:—

(ക) (i) അപേക്ഷകൻ ഒരു ഷിപ്പിംഗ് കമ്പിനിയോ അല്ലെങ്കിൽ തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷത്തിൽ അമ്പതു ലക്ഷം രൂപയുടെ ഏറ്റവും കുറഞ്ഞ വിറ്റുവരവോടുകൂടി ഭാരതത്തിനകത്തോ വിദേശത്തോ ചരക്കു കയറ്റി അയയ്ക്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കമ്പനിയോ അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949 (1949-ലെ 38)-ന്റെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ പ്രകാരം കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ അമ്പതു ലക്ഷം രൂപ ശരാശരി വാർഷിക വിറ്റുവരവോടുകൂടിയ ഒരു കമ്പനിയോ ആയിരിക്കുക;

(ii) (1)-ാം ഉപഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള കമ്പനിയല്ലാത്ത ഒരു കമ്പനിയാണ് അപേക്ഷകനെങ്കിൽ അങ്ങനെയുള്ള കമ്പനിയുടെ വരിയായി കൊടുത്തിട്ടുള്ള ഓഹരി മൂലധനം അമ്പതുലക്ഷം രൂപയിൽ കുറവല്ലാതിരിക്കുക;

(ഖ) അപേക്ഷകന് രണ്ടിൽ കുറയാത്ത മറ്റു രാജ്യങ്ങളിൽ ആഫീസുകളോ ഏജന്റുമാരോ പ്രതിനിധികളോ ഉണ്ടായിരിക്കുക,

അപ്രകാരം ബോദ്ധ്യപ്പെട്ടതിൻമേൽ അപേക്ഷകനെ ബഹുവിധ പരിവഹണ ഓപ്പറേറ്ററായി രജിസ്റ്റർ ചെയ്യേണ്ടതും ബഹുവിധ പരിവഹണ ബിസിനസ്സ് നടത്തുന്നതിനോ ആരംഭിക്കുന്നതിനോ അതിന് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്:

എന്നാൽ അപേക്ഷകൻ മുൻപറഞ്ഞ ഉപാധികൾ നിറവേറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങളാൽ രജിസ്ട്രേഷൻ നൽകുന്നത് നിരസിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ നൽകിയ ഒരു സർട്ടിഫിക്കറ്റിന് ഒരു വർഷക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതും, ഒരു സമയത്ത് ഒരു വർഷക്കാലത്തേക്കുകൂടി അതത് സമയം പുതുക്കാവുന്നതുമാണ്.

(5) പുതുക്കുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രണ്ടായിരം രൂപ ഫീസ് സഹിതവും നൽകേണ്ടതാണ്.

5. *രജിസ്ട്രേഷൻ റദ്ദാക്കൽ.*—രജിസ്ട്രേഷനുശേഷം ഏതു സമയത്തും ക്ഷമതയുള്ള അധികാരസ്ഥാനത്തിന്,—

(ക) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും അപേക്ഷയിലോ അല്ലെങ്കിൽ ആ വകുപ്പിന്റെ (5)-ാം ഉപവകുപ്പിൻകീഴിലുള്ള അതിന്റെ പുതുക്കലിലോ അവയുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും പ്രസ്താവന ഏതെങ്കിലും സാരവത്തായ വസ്തുതകളിൽ ശരിയല്ലെന്നോ,

വ്യാജമാണെന്നോ; അല്ലെങ്കിൽ

(ഖ) ബഹുവിധ പരിവഹണ ഓപ്പറേറ്റർ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്നോ; അല്ലെങ്കിൽ

(ഗ) ബഹുവിധ പരിവഹണ ഓപ്പറേറ്റർ തന്റെ രജിസ്ട്രേഷനുശേഷം കഴിഞ്ഞ രണ്ടുവർഷക്കാലം ഏതെങ്കിലും ബഹുവിധ പരിവഹണ കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നോ, ബോദ്ധ്യപ്പെടുന്നപക്ഷം ഉത്തരവുവഴി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:

എന്നാൽ എടുക്കാനുദ്ദേശിക്കുന്ന നടപടിക്കെതിരെ കാരണം കാണിക്കാൻ ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ അങ്ങനെയുള്ള യാതൊരു രജിസ്ട്രേഷനും റദ്ദാക്കാൻ പാടില്ലാത്തതാകുന്നു.

**6. *അപ്പീൽ.*—**(1) 5-ാം വകുപ്പിൻകീഴിൽ ക്ഷമതയുള്ള അധികാരസ്ഥാനം പുറപ്പെടുവിച്ച ഒരുത്തരവുവഴി സങ്കടമുള്ള ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ കേന്ദ്രസർക്കാരിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) നിർണ്ണയിക്കപ്പെട്ട കാലയളവിനുശേഷം സമർപ്പിക്കുന്ന യാതൊരു അപ്പീലും സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിന് തനിക്ക് മതിയായ കാരണങ്ങളുണ്ടായിരുന്നു എന്ന് അപ്പീൽവാദി കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം, നിർണ്ണയിക്കപ്പെട്ട കാലയളവിനുശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ സമർപ്പിക്കുന്ന ഏതൊരപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസടച്ചും ആയിരിക്കേണ്ടതും ഏത് ഉത്തരവിന് എതിരായാണോ അപ്പീൽ സമർപ്പിക്കുന്നത് ആ ഉത്തരവിന്റെ പകർപ്പ് സഹിതവും ആയിരിക്കേണ്ടതുമാണ്.

(4) അങ്ങനെയുള്ള ഏതൊരപ്പീലും കൈപ്പറ്റുന്നതിന്മേൽ, കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയതിനുശേഷവും കേന്ദ്രസർക്കാരിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷവും അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്.

## അദ്ധ്യായം III

## ബഹുവിധ പരിവഹണ രേഖ

**7. *ബഹുവിധ പരിവഹണ രേഖ നൽകൽ.*—** (1) ബഹുവിധ പരിവഹണത്തിനുവേണ്ടി കൺസൈനറും ബഹുവിധ പരിവഹണ ഓപ്പറേറ്ററും ഒരു കരാറിൽ ഏർപ്പെടുകയും ബഹുവിധ പരിവഹണ ഓപ്പറേറ്റർ സാധനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളിടത്ത്, അയാൾ കൺസൈനറുടെ ഇച്ഛാനുസരണം കൈമാറ്റം ചെയ്യാവുന്നതോ കൈമാറ്റം ചെയ്യാനാവാത്തതോ ആയ ഒരു ബഹുവിധ പരിവഹണ രേഖ നൽകേണ്ടതാണ്.

(2) ബഹുവിധ പരിവഹണ രേഖ ബഹുവിധ പരിവഹണ ഓപ്പറേറ്ററോ അയാൾ യഥാവിധി അധികാരപ്പെടുത്തിയ ഒരാളോ കയ്യൊപ്പിട്ടിരിക്കേണ്ടതാണ്.

**8. *ബഹുവിധ പരിവഹണ രേഖ ഉടമാവകാശ രേഖയായി കണക്കാക്കപ്പെടണമെന്ന്.*—** (1) കൈമാറ്റം ചെയ്യാവുന്നതോ കൈമാറ്റം ചെയ്യാനാവാത്തതോ ആയ ബഹുവിധ പരിവഹണ രേഖയിൽ പേരു പറഞ്ഞിട്ടുള്ള ഓരോ കൺസൈനിക്കും, അങ്ങനെയുള്ള രേഖയിലെ ഓരോ എൻഡോഴ്സിക്കും, അതിൽ പരാമർശിച്ചിട്ടുള്ള സാധനങ്ങളുടെ ഉടമാവകാശം മാറ്റപ്പെടുന്നതിലോ അഥവാ അങ്ങനെയുള്ള കൺസൈൻമെന്റോ എൻഡോഴ്സ്മെന്റോ നിമിത്തമോ; അതത്സംഗതിപോലെ, കൺസൈനറുടെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും കൺസൈനറിൽ നിന്നും ചരക്കുകൂലി ആവശ്യപ്പെടുന്നതിനോ കൺസൈനിയുടെയോ എൻഡോഴ്സിയുടെയോ, താൻ അങ്ങനെ കൺസൈനിയോ എൻഡോഴ്സിയോ ആണെന്ന കാരണത്താലുണ്ടായ ഏതെങ്കിലും ബാദ്ധ്യത നടപ്പാക്കുന്നതിനോ ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കുള്ള അവകാശത്തെ ഭംഗപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതല്ല.

**9.** ***ബഹുവിധ പരിവഹണ രേഖയുടെ ഉള്ളടക്കം.***— ബഹുവിധ പരിവഹണ രേഖ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) സാധനങ്ങളുടെ സാമാന്യ പ്രകൃതവും സാധനങ്ങൾ തിരിച്ചറിയുന്നതിന് ആവശ്യമായ സൂചക അടയാളങ്ങളും, സാധനങ്ങളുടെ സ്വഭാവവും (അപായകരമായ സാധനങ്ങൾ ഉൾപ്പെടെ), പാക്കേജുകളുടെയോ യൂണിറ്റുകളുടെയോ എണ്ണവും സാധനങ്ങളുടെ മൊത്ത ഭാരവും അളവും;

(ഖ) സാധനങ്ങളുടെ പ്രകടമായ അവസ്ഥ;

(ഗ) ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ പേരും മുഖ്യ ബിസിനസ്സ് സ്ഥലവും;

(ഘ) കൺസൈനറുടെ പേര്;

(ങ) കൺസൈനർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ കൺസൈനിയുടെ പേര്;

(ച) ബഹുവിധ പരിവഹണ ഓപ്പറേറ്റർ സാധനങ്ങൾ ഏറ്റെടുക്കുന്ന സ്ഥലവും തീയതിയും;

(ഛ) സാധനങ്ങൾ ഡെലിവർ ചെയ്യുന്ന സ്ഥലം;

(ജ) സാധനങ്ങൾ ഡെലിവർ ചെയ്യുന്ന സ്ഥലത്ത് ഡെലിവർ ചെയ്ത തീയതിയോ കാലയളവോ;

(ഝ). അത് കൈമാറ്റം ചെയ്യാവുന്നത് അല്ലെങ്കിൽ കൈമാറ്റം ചെയ്യാനാവാത്തത് ആണോ എന്ന്;

(ഞ) അതിന്റെ പുറപ്പെടുവിക്കൽ സ്ഥലവും തീയതിയും;

(ട) കൺസൈനറോ, കൺസൈനിയോ, അതത്സംഗതിപോലെ, കൊടുക്കേണ്ട ചരക്കുകൂലി;

(ഠ) ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെയോ അയാൾ യഥാവിധി അധികാരപ്പെടുത്തിയ ഒരാളുടെയോ കൈയൊപ്പ്;

(ഡ) അതിന്റെ പുറപ്പെടുവിക്കൽ സമയത്ത് അറിവുണ്ടെങ്കിൽ, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള യാത്രാ മാർഗ്ഗവും, പരിവഹണ രീതികളും ഒരു വാഹനത്തിൽ നിന്നും മറ്റൊന്നിലേക്ക് സാധനങ്ങൾ മാറ്റുന്ന സ്ഥലങ്ങളും;

(ഢ) കപ്പലിൽ സാധനങ്ങൾ അയയ്ക്കുന്നതിനുള്ള നിബന്ധനകളും, രേഖ പുറപ്പെടുവിച്ചിട്ടുള്ളത് ഈ ആക്റ്റിന് വിധേയമായും അതിന് അനുസൃതമായും ആണെന്നുള്ള ഒരു സ്റ്റേറ്റ്മെന്റും;

(ണ) രേഖയിൽ ഉൾക്കൊള്ളിക്കാമെന്ന് കക്ഷികൾ സമ്മതിക്കുന്ന മറ്റ് ഏതെങ്കിലും വിവരവും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് അസംഗതമല്ലാത്ത അങ്ങനെയുള്ള വിവരവും.

**10.** ***ബഹുവിധ പരിവഹണ രേഖയിലെ കരുതിവയ്ക്കൽ.***—(1) ബഹുവിധ പരിവഹണ രേഖയിൽ കൺസൈനർ കാണിച്ചിട്ടുള്ള വിവരങ്ങൾ യഥാർത്ഥത്തിൽ ഏറ്റുവാങ്ങുന്ന ചരക്ക് കൃത്യമായി വിവരിക്കുന്നില്ലെന്ന് ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാൾക്കോ അറിവുണ്ടാവുകയോ അപ്രകാരം സംശയിക്കുന്നതിന് ന്യായമായ കാരണങ്ങൾ ഉണ്ടാവുകയോ അയാൾക്ക് അങ്ങനെയുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് ന്യായമായ മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത്, ബഹുവിധ പരിവഹണ ഓപ്പറേറ്റർ അല്ലെങ്കിൽ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ആൾ, കൃത്യമില്ലായ്മ എന്തെങ്കിലും ഉണ്ടെങ്കിൽ അതോ, സംശയത്തിനുള്ള കാരണങ്ങളോ, വിവരങ്ങൾ പരിശോധിക്കുന്നതിന് ന്യായമായ മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ അതോ വിവരിച്ചുകൊണ്ട് ബഹുവിധ പരിവഹണ രേഖയിൽ ഒരു കരുതിവയ്ക്കൽ ഉൾപ്പെടുത്തേണ്ടതാണ്.

(2) ബഹുവിധ പരിവഹണ ഓപ്പറേറ്ററോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാളോ ബഹുവിധ പരിവഹണ രേഖയിൽ സാധനങ്ങളുടെ പ്രകടമായ അവസ്ഥ സംബന്ധിച്ച് കരുതിവയ്ക്കൽ ഉൾപ്പെടുത്താൻ വീഴ്ച വരുത്തുന്നിടത്ത്, അയാൾ പ്രകടമായ നല്ല അവസ്ഥയിലാണ് സാധനങ്ങൾ കൈപ്പറ്റിയതെന്ന് കരുതപ്പെടുന്നതാണ്.

**11.** ***ബഹുവിധ പരിവഹണ രേഖയുടെ തെളിവ് സംബന്ധമായ പ്രഭാവം.***—10-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ഒഴികെ,—

(ക) ബഹുവിധ പരിവഹണ ഓപ്പറേറ്റർ, രേഖയിൽ വിവരിച്ചിട്ടുള്ള സാധനങ്ങൾ ഏറ്റെടുത്തുവെന്ന വസ്തുത ബഹുവിധ പരിവഹണത്തിനുള്ള പ്രഥമദൃഷ്ട്യാ തെളിവായിരിക്കുന്നതും ;

(ഖ) ബഹുവിധ പരിവഹണ രേഖ പുറപ്പെടുവിച്ചിട്ടുള്ളത് കൈമാറ്റം ചെയ്യാവുന്ന രൂപത്തിലാണെങ്കിൽ, അത് കൺസൈനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ കൺസൈനി ഒരു മൂന്നാം കക്ഷിക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിലോ, കൺസൈനിയോ മൂന്നാം കക്ഷിയോ രേഖയിലെ സാധനങ്ങളുടെ വിവരണം അവലംബിച്ചുകൊണ്ട് ഉത്തമവിശ്വാസപൂർവ്വം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, ബഹുവിധ പരിവഹണ ഓപ്പറേറ്റർ നൽകുന്ന വിരുദ്ധമായ യാതൊരു തെളിവും സ്വീകാര്യമാകുന്നതല്ല.

**12.** ***കൺസൈനറുടെ ഉത്തരവാദിത്വം.***—(1) ബഹുവിധ പരിവഹണ ഓപ്പറേറ്റർ സാധനങ്ങൾ ഏറ്റെടുക്കുന്ന സമയത്ത്, ബഹുവിധ പരിവഹണ രേഖയിൽ ഉൾപ്പെടുത്തുന്നതിനായി ഒമ്പതാംവകുപ്പ് (ക)-യും (ഖ)-യും ഖണ്ഡങ്ങളിൽ പരാമർശിച്ചപ്രകാരം കൺസൈനർ നൽകുന്ന വിവരങ്ങളുടെ പര്യാപ്തതയും കൃത്യതയും, ബഹുവിധ പരിവഹണത്തിന് കൺസൈനർ ഉറപ്പു നൽകിയതായി കരുതപ്പെടുന്നതാണ്.

(2) 1-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളുടെ അപര്യാപ്തതയിൽ നിന്നോ കൃത്യത ഇല്ലായ്മയിൽ നിന്നോ ഉത്ഭവിക്കുന്ന നഷ്ടത്തിന്റെ ബാദ്ധ്യതയിൽ നിന്ന് ബഹുവിധ പരിവഹണ ഓപ്പറേറ്ററെ കൺസൈനർ വിമുക്തനാക്കേണ്ടതാണ്.

(3) 2-ാം ഉപവകുപ്പിൻകീഴിൽ ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ അവകാശം, ബഹുവിധ പരിവഹണ കരാറിൻകീഴിൽ കൺസൈനർ അല്ലാത്ത മറ്റേതെങ്കിലും ആളോട് തനിക്കുള്ള ബാദ്ധ്യതയെ യാതൊരുവിധത്തിലും പരിമിതപ്പെടുത്തുന്നതല്ല.

## അദ്ധ്യായം IV

## ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ഉത്തരവാദിത്വങ്ങളും ബാദ്ധ്യതകളും

**13.** ***ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യതയുടെ അടിസ്ഥാനം.***—(1) ബഹുവിധ പരിവഹണ ഓപ്പറേറ്റർ—

(ക) കൺസൈൻമെന്റിനുള്ള ഏതെങ്കിലും നഷ്ടത്തിൽനിന്നോ നാശനഷ്ടത്തിൽനിന്നോ ;

(ഖ) കൺസൈൻമെന്റ് ഡെലിവർ ചെയ്യുന്നതിനുള്ള കാലതാമസത്താലും അങ്ങനെയുള്ള കാലതാമസം നിമിത്തമുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിൽനിന്നോ നാശനഷ്ടത്തിൽനിന്നോ,

ഉത്ഭവിക്കുന്ന നഷ്ടത്തിന് കൺസൈൻമെന്റ് തന്റെ ചുമതലയിലുള്ളപ്പോഴാണ് അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ കാലതാമസമോ സംഭവിക്കുന്നതെങ്കിൽ, ഉത്തരവാദിയായിരിക്കുന്നതാണ്:

എന്നാൽ ബഹുവിധ പരിവഹണ ഓപ്പറേറ്റർ അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ ഡെലിവർ ചെയ്യുന്നതിലുള്ള കാലതാമസമോ തന്റെയോ ജോലിക്കാരുടെയോ ഏജന്റുമാരുടെയോ ഭാഗത്തുനിന്നുള്ള യാതൊരു വീഴ്ചയോ ഉപേക്ഷയോകൊണ്ടല്ല ഉണ്ടായത് അഥവാ ഉണ്ടാകാൻ സഹായകമായതെന്ന് തെളിയിക്കുകയാണെങ്കിൽ, അയാൾ അങ്ങനെയുള്ള നഷ്ടത്തിന് ഉത്തരവാദിയാകുന്നതല്ല:

എന്നുമാത്രമല്ല തക്കസമയത്ത് ഡെലിവർ ചെയ്യുന്നതിലുള്ള താല്പര്യം സംബന്ധിച്ച ഒരു പ്രഖ്യാപനം കൺസൈനർ നൽകുകയും ബഹുവിധ പരിവഹണ ഓപ്പറേറ്റർ അത് സ്വീകരിക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം, ഡെലിവർ ചെയ്യലിലുള്ള കാലതാമസത്തിൽ നിന്നും ഉത്ഭവിക്കുന്ന നഷ്ടത്തിനോ നാശനഷ്ടത്തിനോ ബഹുവിധ പരിവഹണ ഓപ്പറേറ്റർ ഉത്തരവാദിയാകുന്നതല്ല.

***വിശദീകരണം.***—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, പ്രകടമായി സമ്മതിക്കപ്പെട്ട സമയത്തിനുള്ളിലും, അങ്ങനെയുള്ള കരാറിന്റെ അഭാവത്തിൽ, സംഗതിയുടെ സാഹചര്യങ്ങൾ പരിഗണനയിലെടുത്തുകൊണ്ട് ശ്രദ്ധാലുവായ ബഹുവിധ പരിവഹണ ഓപ്പറേറ്റർ കൺസൈൻമെന്റ് ഡെലിവർ ചെയ്യുന്നതിന് ആവശ്യമായിവരുന്ന ന്യായമായ സമയത്തിനുള്ളിലും കൺസൈൻമെന്റ് ഡെലിവർ ചെയ്തിട്ടില്ലെങ്കിൽ "ഡെലിവർ ചെയ്യുന്നതിലുള്ള കാലതാമസം" ഉണ്ടായതായി കരുതപ്പെടുന്നതാണ്.

(2) ഡെലിവർ ചെയ്യുന്നതിന് പ്രകടമായി സമ്മതിക്കപ്പെട്ട തീയതിക്കുശേഷം തുടർച്ചയായുള്ള തൊണ്ണൂറ് ദിവസത്തിനുള്ളിലോ, ഒന്നാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുള്ള ന്യായമായ സമയത്തിനുള്ളിലോ കൺസൈൻമെന്റ് ഡെലിവർ ചെയ്തിട്ടില്ലെങ്കിൽ അവകാശിക്ക് കൺസൈൻമെന്റ് നഷ്ടപ്പെട്ടതായി കരുതാവുന്നതാണ്.

**14.** ***കൺസൈൻമെന്റിന്റെ സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്തപ്പോഴും നഷ്ടമോ നാശനഷ്ടമോ സംഭവിച്ചത് പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് അറിവില്ലാത്തപ്പോഴും ബാദ്ധ്യതയുടെ പരിധി.***—(1) ബഹുവിധ പരിവഹണ ഓപ്പറേറ്റർ കൺസൈൻമെന്റ് ഏറ്റുവാങ്ങുന്നതിനുമുമ്പ് കൺസൈനർ സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്ത ഏതെങ്കിലും കൺസൈൻമെന്റിന്റെ നഷ്ടത്തിനോ നാശനഷ്ടത്തിനോ ബഹുവിധ പരിവഹണ ഓപ്പറേറ്റർ ഉത്തരവാദിയാകുകയും അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണ് സംഭവിച്ചതെന്ന് അറിവില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാദ്ധ്യത, നഷ്ടപ്പെടുകയോ നാശനഷ്ടം സംഭവിക്കുകയോ ചെയ്ത കൺസൈൻമെന്റിന്റെ മൊത്തം ഭാരത്തിന്റെ ഓരോ കിലോഗ്രാമിനും രണ്ട് സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റ്സോ, നഷ്ടപ്പെടുകയോ നാശനഷ്ടം സംഭവിക്കുകയോ ചെയ്ത ഓരോ പാക്കേജിനോ യൂണിറ്റിനോ 666.67 സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റ്സോ, ഏതാണ് കൂടുതൽ അതിൽ കവിയാൻ പാടില്ലാത്തതാകുന്നു.

*വിശദീകരണം.*— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു കണ്ടയിനറോ പാലറ്റോ പരിവഹണത്തിനുള്ള സദൃശമായ സാമഗ്രിയോ ഒന്നിൽക്കൂടുതൽ പാക്കേജോ യൂണിറ്റോ കയറ്റിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള കണ്ടയിനറിലോ പാലറ്റിലോ സദൃശമായ പരിവഹണത്തിനുള്ള സാമഗ്രിയിലോ പായ്ക്ക് ചെയ്തിട്ടുള്ളതായി ബഹുവിധ പരിവഹണ രേഖയിൽ എണ്ണിപ്പറഞ്ഞിട്ടുള്ള പാക്കേജുകളോ യൂണിറ്റുകളോ അപ്രകാരമുള്ള പാക്കേജുകളോ യൂണിറ്റുകളോ ആയി കരുതപ്പെടുന്നതാണ്.

(2) ഒന്നാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബഹുവിധ പരിവഹണ കരാർ പ്രകാരം ബഹുവിധ പരിവഹണത്തിൽ കടൽ മാർഗ്ഗമായോ ഉൾപ്രദേശ ജലമാർഗ്ഗമായോ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നത് ഉൾപ്പെടുന്നില്ലെങ്കിൽ ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത, നഷ്ടപ്പെട്ടതോ നാശനഷ്ടം വന്നതോ ആയ സാധനങ്ങളുടെ മൊത്തം ഭാരത്തിന്റെ ഓരോ കിലോഗ്രാമിനും 8.33 സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റിൽ കവിയാത്ത ഒരു തുകയായി പരിമിതപ്പെടുത്തേണ്ടതാണ്.

15. ***കൺസൈൻമെന്റിന്റെ സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്തപ്പോഴും നഷ്ടമോ നാശനഷ്ടമോ സംഭവിച്ചത് പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് അറിവുള്ളപ്പോഴും ബാദ്ധ്യതയുടെ പരിധി.***—ബഹുവിധ പരിവഹണ ഓപ്പറേറ്റർ കൺസൈൻമെന്റ് ഏറ്റുവാങ്ങുന്നതിനു മുമ്പ് കൺസൈനർ, സ്വഭാവവും മൂല്യവും പ്രഖ്യാപിച്ചിട്ടില്ലാത്ത ഏതെങ്കിലും കൺസൈൻമെന്റിന്റെ നഷ്ടത്തിനോ, നാശനഷ്ടത്തിനോ ബഹുവിധ പരിവഹണ ഓപ്പറേറ്റർ ഉത്തരവാദിയാകുകയും അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ പരിവഹണത്തിന്റെ ഏത് ഘട്ടത്തിലാണ് സംഭവിച്ചതെന്ന് അറിവുണ്ടാവുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യതയുടെ പരിധി, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ ഏതു രീതിയിലുള്ള പരിവഹണത്തിനിടയിലാണോ സംഭവിച്ചത് അതുമായി ബന്ധപ്പെട്ട നിയമത്തിന്റെ പ്രസക്തമായ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചയിക്കേണ്ടതും അതിന് വിരുദ്ധമായി ബഹുവിധ പരിവഹണ കരാറിലുള്ള ഏതൊരു വ്യവസ്ഥയും അസാധുവും നടപ്പിലാക്കാൻ കഴിയാത്തതും ആയിരിക്കുന്നതാണ്.

16. **ചില സാഹചര്യങ്ങളിൽ സാധനങ്ങൾ ഡെലിവർ ചെയ്യുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത.**—13-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വിശദീകരണത്തിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും സാഹചര്യങ്ങളിൽ കൺസൈൻമെന്റ് ഡെലിവർ ചെയ്യുന്നതിൽ കാലതാമസം വരുകയോ അങ്ങനെയുള്ള കാലതാമസത്തിന്റെ അനന്തരഫലമായി ഏതെങ്കിലും നഷ്ടമോ നാശനഷ്ടമോ ഉണ്ടാകുന്നിടത്ത്, ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത, അപ്രകാരം കാലതാമസം വരുത്തിയ കൺസൈൻമെന്റിന് കൊടുക്കേണ്ട ചരക്കുകൂലിയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

17. ***നഷ്ടപരിഹാരം തിട്ടപ്പെടുത്തൽ.***—(1) കൺസൈൻമെന്റിന്റെ നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം, കൺസൈനിക്ക് അങ്ങനെയുള്ള കൺസൈൻമെന്റ് ഡെലിവർ ചെയ്യേണ്ടിയിരുന്ന സ്ഥലത്തും സമയത്തും അല്ലെങ്കിൽ ബഹുവിധ പരിവഹണ കരാറിനനുസൃതമായി കൺസൈൻമെന്റ് ഡെലിവർ ചെയ്യേണ്ടിയിരുന്ന സ്ഥലത്തും സമയത്തും കൺസൈൻമെന്റിനുള്ള മൂല്യത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തേണ്ടതാണ്.

(2) കൺസൈൻമെന്റിന്റെ മൂല്യം വാണിജ്യ വിഭവങ്ങളുടെ നടപ്പു വിനിമയ വിലപ്രകാരമോ, അങ്ങനെയുള്ള വില ഇല്ലെങ്കിൽ നടപ്പ് കമ്പോളവില പ്രകാരമോ, നടപ്പ് കമ്പോളവില കണക്കാക്കാൻ കഴിയുന്നില്ലെങ്കിൽ അതേ തരത്തിലും അളവിലുമുള്ള കൺസൈൻമെന്റിന്റെ സാധാരണ മൂല്യത്തിന്റെ അടിസ്ഥാനത്തിലോ നിശ്ചയിക്കേണ്ടതാണ്.

18. ***ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ ബാദ്ധ്യത പരിമിതപ്പെടുത്തുന്നതിനുള്ള അവകാശം നഷ്ടപ്പെടൽ.***—കൺസൈൻമെന്റിലുള്ള നഷ്ടമോ നാശനഷ്ടമോ ഡെലിവർ ചെയ്യുന്നതിലുള്ള കാലതാമസമോ, അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ കാലതാമസമോ ഉണ്ടാക്കാനുള്ള ഉദ്ദേശത്തോടു കൂടിയോ അഥവാ അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ കാലതാമസമോ മിക്കവാറും സംഭവിക്കുമെന്നുള്ള അറിവോടുകൂടി കരുതലില്ലാതെയോ ഉള്ള ബഹുവിധ പരിവഹണ ഓപ്പറേറ്ററുടെ പ്രവൃത്തിയോ ഉപേക്ഷയോ കാരണമാണ് സംഭവിച്ചതെന്ന് തെളിയിച്ചിട്ടുണ്ടെങ്കിൽ, ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥകളിൻകീഴിൽ ബാദ്ധ്യത പരിമിതപ്പെടുത്തുന്നതിനുള്ള ആനുകൂല്യത്തിന് ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് അർഹതയില്ലാത്തതാണ്.

19. ***സാധനങ്ങൾ മൊത്തമായി നഷ്ടപ്പെടുന്നതിന് ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കുള്ള ബാദ്ധ്യതയുടെ പരിധി.***—ഈ ആക്റ്റിലെ വ്യവസ്ഥകളിൻകീഴിൽ സാധനങ്ങൾ മൊത്തമായി നഷ്ടപ്പെടുമ്പോൾ, ഒരാൾക്ക് ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കെതിരെ അവകാശപ്പെടാൻ അർഹതയുള്ളതിനേക്കാൾ കൂടിയ ഒരു തുകയ്ക്ക് യാതൊരു സംഗതിയിലും അയാൾക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

20. *സാധനങ്ങളുടെ നഷ്ടത്തെയോ നാശനഷ്ടത്തെയോ കുറിച്ചുള്ള നോട്ടീസ്.*—(1) കൺസൈനി സാധനങ്ങൾ കൈമാറുന്ന സമയത്ത് സാധനങ്ങളുടെ നഷ്ടത്തിന്റെയോ നാശനഷ്ടത്തിന്റെയോ പൊതുസ്വഭാവത്തെക്കുറിച്ച് ലിഖിതമായ നോട്ടീസ് കൺസൈനി ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് നൽകാത്തപക്ഷം, ബഹുവിധ പരിവഹണ ഓപ്പറേറ്റർ കൺസൈൻമെന്റ് കൺസൈനിക്ക് ഡെലിവർ ചെയ്യുന്നതിന് ബഹുവിധ പരിവഹണ രേഖയിൽ വിവരിച്ചിട്ടുള്ള സാധനങ്ങളുടെ ഡെലിവർ ചെയ്യൽ സംബന്ധിച്ച് പ്രഥമദൃഷ്ട്യാ ഉള്ള തെളിവായി കണക്കാക്കപ്പെടുന്നതാണ്.

(2) കൺസൈനിക്ക് സാധനങ്ങൾ കൈമാറിയ ദിവസത്തിനുശേഷം തുടർച്ചയായുള്ള ആറു ദിവസത്തിനകം ക്ൺസൈനി നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച് ലിഖിതമായ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ നഷ്ടമോ നാശനഷ്ടമോ പ്രകടമല്ലാത്തിടത്ത് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

## അദ്ധ്യായം V

## പലവക

21. *അപായകരമായ സാധനങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥ.*—(1) കൺസൈനർ ബഹുവിധ പരിവഹണ ഓപ്പറേറ്റർക്കോ അങ്ങനെയുള്ള ഓപ്പറേറ്റർക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ നിർണ്ണയിക്കപ്പെട്ട അപായകരമായ സാധനങ്ങൾ കൈമാറുന്നിടത്ത്, കൺസൈനർ അപായകരമായ സാധനങ്ങളുടെ സ്വഭാവത്തെക്കുറിച്ച്, ആവശ്യമുള്ളപക്ഷം അങ്ങനെയുള്ള സാധനങ്ങൾ പരിവഹണത്തിലായിരിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അയാളെ അറിയിക്കേണ്ടതാണ്.

(2) കൺസൈനർ ബഹുവിധ പരിവഹണ ഓപ്പറേറ്ററേയോ അങ്ങനെയുള്ള ഓപ്പറേറ്റർക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റാളെയോ അപായകരമായ സാധനങ്ങളുടെ സ്വഭാവത്തെക്കുറിച്ച് അറിയിക്കുവാൻ വീഴ്ചവരുത്തുകയും അങ്ങനെയുള്ള ഓപ്പറേറ്ററോ, ആളോ, അപായകരമായ സാധനങ്ങളെക്കുറിച്ച് മറ്റുവിധത്തിൽ അറിവില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്—

(ക) കൺസൈനർ ബഹുവിധ പരിവഹണ ഓപ്പറേറ്ററോടോ അങ്ങനെയുള്ള ഓപ്പറേറ്റർക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റാളിനോടോ അങ്ങനെയുള്ള സാധനങ്ങളുടെ ബഹുവിധ പരിവഹണത്തിൽ നിന്നും ഉത്ഭവിക്കുന്ന എല്ലാ നഷ്ടത്തിനും ഉത്തരവാദിയായിരിക്കുന്നതും;

(ഖ) സാധനങ്ങൾ ഏതു സമയത്തും സാഹചര്യങ്ങൾ ആവശ്യപ്പെടാവുന്ന പ്രകാരം നഷ്ടപരിഹാരം നൽകാതെ തന്നെ ഇറക്കിവയ്ക്കുകയോ നശിപ്പിക്കുകയോ നിരുപദ്രവകരമാക്കുകയോ ചെയ്യാവുന്നതാണ്.

22. *ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് സാധനങ്ങളിന്മേലും രേഖകളിന്മേലും ലീനിന് ഉള്ള അവകാശം.*—(1) ബഹുവിധ പരിവഹണ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രതിഫലം ലഭിച്ചിട്ടില്ലാത്ത ബഹുവിധ പരിവഹണ ഓപ്പറേറ്റർക്ക് കൺസൈൻമെന്റിൻമേലും തന്റെ കൈവശമുള്ള രേഖകളിന്മേലും ലീൻ ഉണ്ടായിരിക്കുന്നതാണ്.

(2) 13-ഉം 16-ഉം 18-ഉം വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള തന്റെ ലീനിന് ഉള്ള അവകാശം വിനിയോഗിച്ച് ബഹുവിധ പരിവഹണ ഓപ്പറേറ്റർ സാധനങ്ങൾ കൈവശം വച്ചിരിക്കുന്ന കാലയളവ് ആ വകുപ്പുകളിൽ ഏതിന്റെയെങ്കിലും കീഴിൽ കാലതാമസത്തിന്റെ സമയം കണക്കാക്കുന്നതിനുള്ള ആവശ്യങ്ങൾക്ക് ഉൾപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

23. *ജനറൽ ആവറേജ്.*—ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബഹുവിധ പരിവഹണ കരാറിലെ കക്ഷികൾ ബഹുവിധ പരിവഹണ രേഖയിലെ ജനറൽ ആവറേജ് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്തുന്നത് നിയമപരമായിരിക്കുന്നതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "ജനറൽ ആവറേജ്" എന്നാൽ ബഹുവിധ പരിവഹണത്തിൽ ഉൾപ്പെട്ട പൊതുവായ ആപത്തിൽ വസ്തുവിനുണ്ടാകുന്ന ആപത്ത് ഒഴിവാക്കുന്നതിന് പൊതുതാല്പര്യാർത്ഥം നേരിട്ട നഷ്ടമോ, നാശനഷ്ടമോ, ന്യായമായ ചെലവോ എന്നർത്ഥമാകുന്നു.

24. *വ്യവഹാരത്തിനുള്ള കാലഹരണം.*—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളിൻ കീഴിലുള്ള വ്യവഹാരം—

(ക) സാധനങ്ങൾ ഡെലിവർ ചെയ്യുന്ന തീയതിമുതൽ; അല്ലെങ്കിൽ

(ഖ) സാധനങ്ങൾ ഡെലിവർ ചെയ്യേണ്ടിയിരുന്ന തീയതിമുതൽ; അല്ലെങ്കിൽ

(ഗ) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ സാധനങ്ങൾ ഡെലിവർ ചെയ്തുകിട്ടുവാൻ അവകാശമുള്ള കക്ഷിക്ക് സാധനങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കാൻ അവകാശം ഉണ്ടാകുന്ന തീയതിയും അതുമുതൽക്കും, ഒമ്പത് മാസത്തിനകം കൊണ്ടുവന്നില്ലെങ്കിൽ ബഹുവിധ പരിവഹണ ഓപ്പറേറ്റർ ബാദ്ധ്യസ്ഥനാകുന്നതല്ല.

**25.** *വ്യവഹാരം ബോധിപ്പിക്കുന്നതിനുള്ള അധികാരിത.*—ബഹുവിധ പരിവഹണ കരാറിലെ ഏതെങ്കിലും കക്ഷിക്ക് ക്ഷമതയുള്ളതും, താഴെപ്പറയുന്ന സ്ഥലങ്ങളിലൊന്ന്, അതായത്:—

(ക) പ്രതിയുടെ മുഖ്യ ബിസിനസ്സ് സ്ഥലമോ അതിന്റെ അഭാവത്തിൽ പതിവ് താമസസ്ഥലമോ;

(ഖ) ബഹുവിധ പരിവഹണ കരാർ ഉണ്ടാക്കിയ സ്ഥലത്ത് പ്രതിക്ക് ഒരു ബിസിനസ്സ് സ്ഥലമോ, ബ്രാഞ്ചോ, ഏജൻസിയോ ഉണ്ടെങ്കിൽ അങ്ങനെയുള്ള സ്ഥലമോ;

(ഗ) ബഹുവിധ പരിവഹണത്തിനുവേണ്ടി സാധനങ്ങൾ ഏറ്റെടുക്കുന്ന സ്ഥലമോ അവ ഡെലിവർ ചെയ്യുന്ന സ്ഥലമോ;

(ഘ) ബഹുവിധ പരിവഹണ കരാറിൽ നിർദ്ദേശിച്ചിട്ടുള്ളതും ബഹുവിധ പരിവഹണ രേഖയിൽ വെളിവായിട്ടുള്ളതുമായ മറ്റേതെങ്കിലും സ്ഥലമോ;

അതിന്റെ അധികാര പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരു കോടതിയിൽ ബോധിപ്പിക്കാവുന്നതാണ്.

**26.** *ആർബിട്രേഷൻ.*—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുകീഴിൽ ബഹുവിധ പരിവഹണം സംബന്ധിച്ച് ഉത്ഭവിക്കുന്ന ഏതൊരു തർക്കവും ആർബിട്രേഷന് റഫർ ചെയ്യേണ്ടതാണെന്ന് ബഹുവിധ പരിവഹണ കരാറിലെ കക്ഷികൾക്ക് അതിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) ആർബിട്രേഷൻ നടപടി ബഹുവിധ പരിവഹണ രേഖയിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തോ അങ്ങനെയുള്ള നടപടി ക്രമമനുസരിച്ചോ ബോധിപ്പിക്കാവുന്നതാണ്.

**27.** *അധികാരം ഏൽപ്പിക്കൽ.*—കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, 30-ാം വകുപ്പിൻകീഴിലുള്ള അധികാരമൊഴിച്ച് ഈ ആക്റ്റിൻകീഴിൽ അതിനു പ്രയോഗിക്കുന്ന ഏതൊരധികാരവും വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിലും, അങ്ങനെയുള്ള ഉപാധികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയ്ക്ക് വിധേയമായും, അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോകൂടി പ്രയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

**28.** *ബഹുവിധ പരിവഹണ കരാർ ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കേണ്ടതാണെന്ന്.*—ബഹുവിധ പരിവഹണ ഓപ്പറേറ്ററായി രജിസ്റ്റർ ചെയ്തിട്ടുള്ള യാതൊരാളും ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചല്ലാതെ ബഹുവിധ പരിവഹണത്തിനുള്ള ഏതെങ്കിലും കരാറിൽ ഏർപ്പെടുവാൻ പാടില്ലാത്തതും, ഏതൊരു കരാറും മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കുന്നത്രയും അസാദ്ധ്യവും നടപ്പിലാക്കാൻ കഴിയാത്തതും ആയിരിക്കുന്നതാണ്.

**29.** *മറ്റ് നിയമങ്ങളെക്കാൾ ആക്റ്റിന് അധിക പ്രഭാവമുണ്ടായിരിക്കുമെന്ന്.*—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റല്ലാതെ മറ്റേതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രാബല്യമുള്ള ഏതെങ്കിലും രേഖയിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**30.** *ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.*—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക്, അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(ക) 4-ാം വകുപ്പിൻകീഴിൽ അപേക്ഷകൾ സമർപ്പിക്കേണ്ട ഫാറങ്ങൾ ;

(ഖ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ ബോധിപ്പിക്കേണ്ട കാലയളവ് ;

(ഗ) 6-ാം വകുപ്പിൻകീഴിൽ അപ്പീൽ ബോധിപ്പിക്കേണ്ട ഫാറവും അങ്ങനെയുള്ള അപ്പീൽ സംബന്ധിച്ച് അടയ്ക്കേണ്ട ഫീസിന്റെ തുകയും ;

(ഘ) 21-ാം വകുപ്പിന്റെ ആവശ്യത്തിന് അപായകരമായ സാധനങ്ങൾ ;

(ങ) നിർണ്ണയിക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെടാവുന്നതുമായ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭയിലും, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ അടങ്ങുന്ന ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കാൻ പാടില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാണ്.

31. *ചില നിയമങ്ങളുടെ ഭേദഗതി.*—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയും അതു മുതൽക്കും, പട്ടികയിലെ I-ഉം, II-ഉം, III-ഉം ഭാഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള നിയമങ്ങൾ, അതിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ഭേദഗതി ചെയ്യേണ്ടതാണ്.

32. *റദ്ദാക്കലും ഒഴിവാക്കലും.*—(1) ബഹുവിധ സാധന പരിവഹണ ഓർഡിനൻസ്, 1993 (1993-ലെ 6-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും, മുൻപറഞ്ഞ ഓർഡിനൻസിൻ കീഴിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

പട്ടിക

(31-ാം വകുപ്പ് കാണുക)

ചില നിയമങ്ങളുടെ ഭേദഗതി

ഭാഗം I

## കാരിയർ ആക്റ്റ്, 1865-ന്റെ ഭേദഗതികൾ

(1865-ലെ 3)

കാരിയർ ആക്റ്റ്, 1865-ൽ,—

(ക) 2-ാം വകുപ്പിൽ "പൊതു കാരിയർ"-നെ സംബന്ധിച്ച നിർവചനത്തിൽ "ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന" എന്ന വാക്കുകൾക്കുശേഷം, "ബഹുവിധ പരിവഹണ രേഖയിൻകീഴിൽ വസ്തു പരിവഹണം നടത്തുന്ന അല്ലെങ്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ഖ) 6-ഉം, 7-ഉം, 8-ഉം വകുപ്പുകളിൽ "ഡെലിവർ ചെയ്യപ്പെട്ട വസ്തു" എന്ന വാക്കുകൾക്കു പകരം, "ഡെലിവർ ചെയ്യപ്പെട്ട വസ്തു (സാധനങ്ങൾ സമാഹരിച്ച് പരിവഹണത്തിന് ഉപയോഗിക്കുന്ന കണ്ടയിനറുകളും, പാലറ്റുകളും സദൃശ വസ്തുക്കളും ഉൾപ്പെടെ)" എന്നീ വാക്കുകളും ബ്രാക്കറ്റുകളും യഥാക്രമം ചേർക്കേണ്ടതാണ്.

(ഗ) 9-ഉം, 10-ഉം വകുപ്പുകളിൽ "ഭരമേൽപ്പിച്ച സാധനങ്ങൾ" എന്ന വാക്കുകൾക്കു പകരം, "ഭരമേൽപ്പിച്ച സാധനങ്ങൾ (സാധനങ്ങൾ സമാഹരിച്ച് പരിവഹണത്തിന് ഉപയോഗിക്കുന്ന കണ്ടയിനറുകളും, പാലറ്റുകളും സദൃശ വസ്തുക്കളും ഉൾപ്പെടെ)" എന്നീ വാക്കുകളും ബ്രാക്കറ്റുകളും യഥാക്രമം ചേർക്കേണ്ടതാണ്.

ഭാഗം II

## കടൽ മാർഗ്ഗം സാധനങ്ങൾ കൊണ്ടുപോകൽ ആക്റ്റ്, 1925-ന്റെ ഭേദഗതി

(1925-ലെ 26)

കടൽ മാർഗ്ഗം സാധനങ്ങൾ കൊണ്ടുപോകൽ ആക്റ്റ്, 1925-ൽ,—

(ക) പീഠികയിൽ രണ്ടാം ഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"1968 ഫെബ്രുവരി 23-ാം തീയതി ബ്രസ്സൽസിൽ വച്ച് കൈയൊപ്പിട്ട പ്രോട്ടോക്കോൾ വഴിയും 1979 ഡിസംബർ 21-ാം തീയതി ബ്രസ്സൽസിൽ വച്ച് കൈയൊപ്പിട്ട പ്രോട്ടോക്കോൾ വഴിയും മുൻപറഞ്ഞ ചട്ടങ്ങൾ ഭേദഗതി ചെയ്യപ്പെട്ടതിനാലും;"

(ഖ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "331-ഉം 352-ഉം വകുപ്പുകൾ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "331-ാം വകുപ്പും ഭാഗം X ക-യും" എന്ന വാക്കുകളും, അക്കങ്ങളും, അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(ഗ) പട്ടികയിൽ,—

(i) 1-ാം അനുച്ഛേദം (ഗ) ഖണ്ഡത്തിൽ, "കച്ചവടച്ചരക്കുകൾ" എന്ന വാക്കിനുശേഷം, "കപ്പൽ വഴി ചരക്കയയ്ക്കുന്നയാൾ കൊടുത്തിട്ടുണ്ടെങ്കിൽ, സാധനങ്ങൾ സമാഹരിച്ച് പരിവഹണത്തിനുപയോഗിക്കുന്ന കണ്ടയിനറുകളും, പാലറ്റുകളും, സദൃശ വസ്തുക്കളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) III-ാം അനുച്ഛേദത്തിൽ,—

(1) നാലാം ഖണ്ഡികയുടെ അവസാനം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിക്കുന്ന ഒരു മൂന്നാം കക്ഷിക്ക് കേവുപത്രം കൈമാറ്റം ചെയ്യപ്പെട്ടിരിക്കുമ്പോൾ വിപരീതമായ തെളിവ് സ്വീകരിക്കാവുന്നതല്ല";

(2) 6-ാം ഖണ്ഡികയിൽ 3-ാം ഖണ്ഡികയുടെ അവസാനം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും വ്യവഹാര കാരണം ഉത്ഭവിച്ചതിനുശേഷം കക്ഷികൾ അപ്രകാരം സമ്മതിക്കുകയാണെങ്കിൽ ഈ കാലയളവ് നീട്ടാവുന്നതാണ്.

എന്നാൽ ഈ ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഒരു വർഷക്കാലയളവ് കഴിഞ്ഞതിനു ശേഷം, കോടതി അനുവദിച്ച പ്രകാരം വീണ്ടും മൂന്നു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്";

(iii) IV-ാം അനുച്ഛേദം 5-ാം ഖണ്ഡികയിൽ,—

(1) "ഓരോ പാക്കേജിനോ യൂണിറ്റിനോ 100 പൗണ്ടിൽ കവിഞ്ഞ തുക" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "ഓരോ പാക്കേജിനോ യൂണിറ്റിനോ 666.67 സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റോ; നഷ്ടപ്പെട്ടതോ നാശനഷ്ടം വന്നതോ ആയ സാധനങ്ങളുടെ മൊത്തം ഭാരത്തിന്റെ ഓരോ കിലോഗ്രാമിനും രണ്ടു സ്പെഷ്യൽ ഡ്രോയിംഗ് റൈറ്റോ ഏതാണ് കൂടുതൽ, അതിൽ കവിഞ്ഞ തുക" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) ഒന്നാം ഉപഖണ്ഡികയ്ക്കുശേഷം, താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"സാധനങ്ങൾ സമാഹരിച്ച് പരിവഹണത്തിനുപയോഗിക്കുന്ന കണ്ടയിനറുകളോ, പാലറ്റുകളോ സദൃശവസ്തുക്കളോ കേവുപത്രത്തിൽ എണ്ണിപ്പറഞ്ഞിട്ടുള്ളതും പരിവഹണത്തിനുള്ള അങ്ങനെയുള്ള വസ്തുവിൽ പാക്കുചെയ്ത പ്രകാരമുള്ളതുമായ പാക്കേജുകളുടെയോ യൂണിറ്റുകളുടെയോ എണ്ണം, ഈ പാക്കേജുകളെയോ യൂണിറ്റുകളെയോ സംബന്ധിച്ചിടത്തോളം, ഈ ഖണ്ഡികയുടെ ആവശ്യങ്ങൾക്ക്, പാക്കേജുകളുടെയോ യൂണിറ്റുകളുടെയോ എണ്ണമായി കരുതപ്പെടുന്നതാണ്.

നാശനഷ്ടം ഉണ്ടാകുമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ കരുതലില്ലാതെയും മിക്കവാറും നാശനഷ്ടം സംഭവിക്കുമെന്നുള്ള അറിവോടുകൂടിയും ചെയ്ത കാരിയറുടെ ഒരു പ്രവർത്തിയിൽ നിന്നോ ഉപേക്ഷയിൽനിന്നോ ആണ് നാശനഷ്ടം സംഭവിച്ചതെന്ന് തെളിയിക്കുകയാണെങ്കിൽ ഈ ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ബാദ്ധ്യതയുടെ പരിമിതിക്കുള്ള ആനുകൂല്യത്തിന് കാരിയർക്കോ കപ്പലിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

സാധനങ്ങളുടെ സ്വഭാവമോ മൂല്യമോ കപ്പൽ വഴി ചരക്കയയ്ക്കുന്ന ആൾ കേവുപത്രത്തിൽ അറിഞ്ഞുകൊണ്ട് തെറ്റായി പ്രസ്താവിച്ചിട്ടുള്ളിടത്ത്, കാരിയറുടെയോ കപ്പലിന്റെയോ ബാദ്ധ്യത അങ്ങനെ പ്രസ്താവിച്ചിട്ടുള്ള മൂല്യത്തിൽ കവിയാൻ പാടില്ലാത്തതാകുന്നു.".

ഭാഗം III

## സാധന വില്പന ആക്റ്റ്, 1930-ന്റെ ഭേദഗതി

(1930-ലെ 3)

സാധന വില്പന ആക്റ്റ്, 1930-ന്റെ 2-ാം വകുപ്പ് (4)-ാം ഖണ്ഡത്തിൽ "റയിൽവേ രസീത്" എന്ന വാക്കുകൾക്കുശേഷം, "ബഹുവിധ പരിവഹണ രേഖ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.